Mr. Hajee Hassan Yacoob Sait (*Commerce and Industry, North*): സർ, ഫിനാൻഷ്യൽ സിക്രട്ടറി ഒരു മിച്ചമുള്ള ബഡ്ജറാണു ഇത്തവണ അവതരിപ്പിച്ചിരിക്കുന്നതു്. മൻകൊല്ലങ്ങളെ അപേക്ഷിച്ചു് അതു് ഏറ്റവും അഭിനന്ദനാർഹമായ ഒരു കാര്യമാകുന്നു. സാമ്പത്തികാധഃപതനംകൊണ്ടു പണമിടപാടുകളിൽ വളരെ വിഷമതകളനുഭവിക്കുന്ന ജനങ്ങൾക്കു കൂടുതൽ സൌകര്യപ്രദമായവിധം ട്രസ്റ്റുജാമ്യബാങ്കിൻെറ മൂലധനം വർദ്ധിപ്പിക്കുകയും കൂടുതൽ വായ്പകൾ വിതരണം ചെയ്യുകയും വേണ്ടിയിരിക്കുന്നു. പള്ളിവാസൽ വൈദ്യുതദീപപദ്ധതി, ജലവിതരണപദ്ധതി, കളിമണ്ണുപദ്ധതി മുതലായതുകളിൽ ഗവണ്മെൻറു ശ്രദ്ധകാന്തിയോടെ പ്രവർത്തിക്കേണ്ടതും ഇവകൊണ്ടുള്ള പ്രയോജനം രാജ്യമൊട്ടുക്കുള്ള ജനങ്ങൾക്കു ലഭിക്കത്തക്കവിധം അവയുടെ പ്രവൃത്തിവ്യാപ്തി വർദ്ധിപ്പിക്കേണ്ടതുമാകുന്നു. കായംകുളത്തും എലക്ട്രിസിറ്റി ഏർപ്പാടു നടപ്പിൽവരുത്തുന്നതിനു ഗവണ്മെൻറു വേണ്ടനടപടികളും ഉടനടി ചെയ്യേണ്ടതാണു്. ആണ്ടുതോറും വർദ്ധിച്ചുവരുന്ന സാംക്രമികരോഗങ്ങളെ തടയുന്നതിനു ഗവണ്മെൻറു വേണ്ട പദ്ധതികളും തയ്യാറാക്കി പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനു മടിച്ചുകൂടാത്തതാകുന്നു. ആയുർവ്വേദഡിപ്പാർട്ടുമെൻറുകൊണ്ടു് ജനങ്ങൾക്കു കൂടുതൽ പ്രയോജനമുണ്ടാകത്തക്കവണ്ണം വൈദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതും നല്ല ഗ്രാൻറു കൊടുത്തു അവകളെ പ്രോത്സാഹിപ്പിക്കേണ്ടതുമാണു്. ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്മെൻറു ഇപ്പോൾ ആലപ്പുഴ, ചെങ്കോട്ട, നാഗർകോവിൽ എന്നീ മൂന്നു പട്ടണങ്ങളിൽ ജലവിതരണം സംബന്ധിച്ചു ജോലികൾ ചെയ്യാൻ നിശ്ചയിച്ചിരിക്കയാണല്ലോ. ഈ പദ്ധതി എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറു ഉടനടി നടത്തുമെന്നു വിശ്വസിക്കുന്നു. തൊഴിൽപരമായ വിദ്യാഭ്യാസം നടത്തണമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിരിക്കുന്നതു സന്തോഷാവഹംതന്നെ. കൃഷിപാഠശാലകളെ വർദ്ധിപ്പിക്കണം. കഴിയുമെങ്കിൽ ഓരോ താലൂക്കുതോറും കൃഷിപാഠശാലകൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറു മടിച്ചു കൂടാത്തതാകുന്നു. കുടിൽവ്യവസായങ്ങളിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. സിലോൺ കൊപ്രായുടെ മത്സരത്തിൽ നിന്നും നമ്മുടെ തെങ്ങുകൃഷിക്കാരെ സഹായിക്കുന്നതിനു നമ്മുടെ ഗവണ്മെൻറു ശ്രമിക്കുന്നതുപോലെ ഇവിടെയുള്ള പാക്കു കൃഷിയേയും സിലോൺകാരുടെ മത്സരത്തിൽനിന്നും സംരക്ഷിക്കുന്നതിനു വേണ്ടതു ഗവണ്മെൻറു ചെയ്യണമെന്നപേക്ഷിക്കുന്നു. ആണ്ടുതോറും അനേകായിരം രൂപാ പുകയിലക്കായി ഈ നാട്ടിലുനിന്നും വിദേശങ്ങളിലേക്കു പോകുന്നുണ്ടു്. ഈ കുറവിനെ പരിഹരിക്കുന്നതിനായി ഇവിടെ പുകയില കൃഷി തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു് രാജ്യത്തിൻെറ ഒരു ധനാഗമമാർഗ്ഗംകൂടി ആകുന്നതാണു്. പൊതുവെ, ഗവണ്മെൻറിൻെറ കോശസ്ഥിതി സുരക്ഷിതമാണെന്നു കാണുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു.

Mr. J. John Kattakayam : സർ, പരിഷ്കരിച്ച നിയമസഭകളുടെ പ്രഥമബഡ്ജറ്റു സമ്മേളനംപോലും നടക്കുകയില്ലെന്നു നിവർത്തനപ്രവർത്തകന്മാർ ഘോഷിച്ചു എങ്കിലും അതിൻെറ നാലാമത്തെ ബഡ്ജറ്റുസമ്മേളനമാണല്ലൊ ഇപ്പോൾ നടക്കുന്നതു്. ഈ നാലുകൊല്ലങ്ങളിലായി ചുരുക്കം ചില മെമ്പർസ്ഥാനങ്ങൾ ഒഴിവുവന്നിട്ടുണ്ടെങ്കിലും മെസ്സർ തയ്യിൽ കുഞ്ഞിത്തൊമ്മൻ, ഇ പി. വറുഗീസ്, പി. സി. കുര്യൻ എന്നിവർക്കുമാത്രമെ നിവർത്തനക്കാരുടെ ക്യൂവിൽനിന്നും ഇക്കാലത്തിനകം നിയമസമിതികളുടെ കനകകവാടത്തിനുള്ളിൽ പ്രവേശനം കിട്ടിയുള്ളൂ. ബാക്കിയുള്ളവർ ഏറ്റവും ഉൽക്കണ്ഠയോടുകൂടി ഇപ്പോഴത്തെ നിയമസമിതികളുടെ അവസാനഘട്ടത്തെ നോക്കിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതു്. ഞാൻ ഇത്രയും പറഞ്ഞതു ഈയിടെയായി ഇപ്പോഴത്തെ നിയമസമിതികളുടെ കാലാവധി നീട്ടുവാനുള്ള ഒരു ആലോചന ഗവണ്മെൻറിനുണ്ടായി എന്നു കേട്ടതുകൊണ്ടാണു്. ഇതിൻെറ കാലാവധി

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

യാതൊരു കാരണവശാലും ഒരിക്കലും നീട്ടേണ്ട ആവശ്യമില്ല. ഗവ ണ്മെന്റ് അങ്ങനെ ചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ഫൈനാൻഷ്യൽസെക്രട്ടറി ഇപ്പോൾ നമ്മുടെമുമ്പാകെ അവതരി പ്പിച്ചിരിക്കുന്ന ബഡ്ജറ്റ് ഒട്ടുംതന്നെ അഭിനന്ദാർഹമായിരിക്കുന്നില്ല. ഫൈനാൻസിനെ അക്കൌണ്ടുവകുപ്പിൽനിന്നും വേർതിരിച്ചപ്പോൾ ഒരു നവീനസാമ്പത്തികനയം കാണുമെന്നു പ്രതീക്ഷിച്ചിരുന്നു. ഇനി മേലിൽ സാമ്പത്തികാഭിവൃദ്ധിക്കും സാമ്പത്തികസംരക്ഷണത്തിനും ഉപ യുക്തങ്ങളായ ചില പ്രശ്നങ്ങളെക്കൂടി അഭിമുഖീകരിക്കുവാൻ ഫൈ നാൻഷ്യൽസെക്രട്ടറി തയ്യാറാകുമെന്നു ഞാൻ വിചാരിച്ചു. എന്നാൽ ഇക്കൊല്ലത്തെ ബഡ്ജറ്റു നോക്കിയപ്പോൾ എനിക്കു വലിയ നിരാശയാ ണുണ്ടായതു്. പഴയപടി ചില കണക്കുകൾ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുക എന്നുള്ള ഒരൊറ്റ കൃത്യം മാത്രം നടത്തി ഫിനാൻഷ്യൽസെക്രട്ടറി സംതൃപ്തി അടയുകയാണു ചെയ്തിട്ടുള്ളതു്. പുതിയ ഫിനാൻ ഷ്യൽസെക്രട്ടറിയെ നിയമിച്ചതു പുതിയ സാമ്പത്തികനയങ്ങൾ രൂപീ കരിക്കുന്നതിനാണു്, കണക്കുകൾ കൂട്ടുന്നതിനും കുറയ്ക്കുന്നതിനും അ ങ്ങനെങ്കിൽ പഴയ ആൾ മതിയായിരുന്നു. അദ്ദേഹംചെയ്ത പ്രസംഗം സൂക്ഷിച്ചു വായിച്ചാൽ സർക്കാർ ടപ്പുതുങ്ങളെപ്പറ്റിയുള്ള ചില കാര്യ ങ്ങൾ ഒഴിച്ചുവച്ചിരിയ്ക്കുന്നു എന്നു കാണാൻ കഴിയുന്നതാണു്. കടമാ യി എടുത്തിട്ടുള്ള തുകയുടെ ക്ലിപ്തമായ സംഖ്യ, കടത്തിനായി നൽകിയി ട്ടുള്ളതോ നൽകുവാൻ ഉദ്ദേശിക്കുന്നതോ ആയ കമ്മീഷന്റെ വിവരങ്ങൾ മുതലായവ ഈ സഭയെ അറിയിക്കുന്നതുകൊണ്ടു് ഒരു തരക്കേടും വരുവാ നില്ല. ഗവണ്മെൻറിന്റെ സാമ്പത്തികനില സുസ്ഥിരമെന്നു ഫിനാ ൻഷ്യൽസെക്രട്ടറി ഘോഷിക്കുന്നു. എന്നാൽ എന്തുകൊണ്ടാണു് നമ്മുടെ റിസർവ്ഫണ്ടു നാൾക്കുനാൾ കുറഞ്ഞുവരുന്നതു് എന്നുള്ളതിനു തൃപ്തികരമായ യാതൊരു സമാധാനവും അദ്ദേഹത്തിനു പറയുവാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക നില എത്രത്തോളം സുസ്ഥിരമായിരിക്കുന്നു എന്നു കാര്യം കണ്ടതന്നെ അറിയേണ്ടതാണു്. ഇത്തവണ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന ചില കണക്കുകൾ വായിച്ചാൽ ഏവർക്കും ആശ്ചര്യം തോന്നും. പത്തു ലക്ഷം രൂപായാണു തിരുവനന്തപുരത്തെ ടൗൺപ്ലാനിംഗ് സ്കീമിനായി നീക്കിവച്ചിരിക്കുന്നതു്. അതേ അവസരത്തിൽ രാജ്യത്തിലെ പ്രാദേ ശികാവശ്യങ്ങൾക്കായിട്ടുള്ള നൂതനവേലകൾക്കു കൊള്ളിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തുക കേവലം ൫൫,൦൦൦ രൂപയുമാണ്. ഗ്രാമീണാവശ്യത്തിലേക്കു മാറ്റിവച്ചിട്ടുള്ള ഈ തുകതന്നെ അതേപടി ലാപ്സായി പോകുകയെ ഉള്ളൂ. എന്നാൽ എന്റെ ബഹുമാന്യസ്നേഹിതനായ മി. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ ഈ പത്തുലക്ഷത്തിന്റെ ക്രെടിറ്റിലേക്കു വേറെ കുറെ ലക്ഷംകൂടി ചേർക്കുവാൻ ഒരു സപ്ലിമെന്ററി ഗ്രാന്റുമായി അടുത്ത അവസരത്തിൽതന്നെ ഫിനാൻഷ്യൽസെക്രട്ടറി വരുകയില്ലേ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. മൂവായിരം രൂപാ ചിലവുചെയ്തു തിരുവനന്തപുരത്തു കുറേ സിൻഡുകാളകളെ പ്രതിഷ്ഠിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. തിരുവനന്തപുരത്തു് ഈ കാളകളെക്കൊണ്ടുള്ള ഉപയോഗംഎന്താണെന്നുഅജ്ഞാതമായിരിക്കുന്നു. സിൻഡുകാളകളെപ്പറ്റി ഞാൻ കുറെയെല്ലാം കേട്ടിട്ടുണ്ടു്. ആ കാളകൾ ഇവിടത്തെക്കു് ഒരിക്കലും യോജിച്ചതല്ല. എന്തിനാണു ഗവണ്മെൻറു് ഇത്തരം പ്രയോജനശൂന്യമായ കാര്യങ്ങളിൽ ഏർപ്പെടുന്നതു്. വൈസ്രായി അവർകൾ താമസിയാതെ ഇവിടം സന്ദർശിക്കുമെന്നു കേൾക്കുന്നു. അതു വാസ്തവമാണെങ്കിൽ, കർഷകപ്രിയനായ അദ്ദേഹത്തെ സന്തോഷിപ്പിക്കുവാനായി ഗവണ്മെൻറു ചെയ്യുന്ന ഒരു പൊടിക്കൈപ്രയോഗം മാത്രമാണിതു്. സാമ്പത്തികാധഃപതനംകൊണ്ടു ജനങ്ങൾ വളരെ കഷ്ടപ്പെടുന്നു. ഗവണ്മെൻറു് അക്കാര്യത്തെപ്പറ്റി ചിന്തിക്കുന്നതുപോലുമില്ല. ഇത്രയുംകാലമായിട്ടും ഗ്രാമീണപുനരുദ്ധാരണവിഷയത്തിൽ ഗവണ്മെൻറു കേവലം മൌനംപൂണ്ടിരിക്കുകയാണു ചെയ്യുന്നതു്. ഇത്തവണത്തെ ബഡ്ജറിൽ അതിലേക്കു ഒറ്റക്കാശുപോലും കൊള്ളിച്ചിട്ടില്ല. ഗ്രാമങ്ങളുടേയും ഗ്രാമീണരുടേയും കാര്യങ്ങളിൽ വെറും ബധിരഭാവം നടിച്ചുകൊള്ളുകയും പട്ടണങ്ങളിലുള്ളവരെ സുഖിപ്പിക്കുവാൻ കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന നയം ഗവണ്മെൻറു് ഉടനടി മാറേണ്ടതു് എത്രയും അത്യാവശ്യമായ ഒരു കാര്യമാകുന്നു.

ബഡ്ജറിൽ കൊള്ളിക്കാതെയും ഫൈനാൻസു കമ്മറിയോടാലോചിക്കാതെയും ൫൦൯-ൽ ൭൫൦൦൦ രൂപായും ൫൫൦-ൽ ൫൩൦൦൦ രൂപായും ൫൫൫-ൽ ആദ്യത്തെ ആറു മാസത്തിൽ ൨൫൦൦൦ രൂപായും ഗവണ്മെൻറു ചിലവാക്കി. ഇതു ഈ നിയമസമിതിയോടു കാണിക്കുന്ന ഒരു അവഗണനയാണു്. നിയമസമിതിയോടാലോചിച്ചുമാത്രമുള്ള ഒരു ഭരണസമിതി ഇവിടെ സ്ഥാപിക്കാതിരിക്കുന്ന കാലത്തോളം ഇത്തരത്തിലുള്ള അധമമായ പ്രകടനങ്ങൾ ഈ സഭയുടെനേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

രെ നിശ്ചയമായും ഗവണ്മെൻറു കാണിച്ചുകൊണ്ടിരിക്കുമെന്നാണു് ഞാൻ പറയുന്നതു്. ആകയാൽ അചിരേണ ഇവിടെ നിയമസമിതിക്കു് ഉത്തരവാദിത്വമുള്ള ഒരു ഭരണസമിതി സ്ഥാപിക്കണം. ഗവണ്മെൻറിൻെറ പ്രഖ്യാപിതനയം വ്യവസായീകരണമാണെന്നു ബഡ്ജറുകൊണ്ടു കാണാം. ഡാക്ടർ ബാക്കുടെ വ്യവസായപദ്ധതി തക്കല ഷുഗർ ഫാക്ടറി, തുകൽ വ്യവസായം, റബ്ബർ ഫാക്ടറി മുതലായവ നടപ്പാക്കി. പഞ്ചസാര വ്യവസായത്തിൽ ഗവണ്മെൻറിനു നഷ്ടമാണു് അനുഭവം. തുകൽ വ്യവസായത്തിൻെറ സ്ഥിതി എന്തു്? റബ്ബർഫാക്ടറിയുടെ നിലയും നാം കണ്ടുകഴിഞ്ഞു. ഇതാ ഇപ്പോൾ ഒരു കളിമണ്ണു വ്യവസായശാലകൊണ്ടു് ആദായമുണ്ടാക്കിക്കളയാമെന്നു് ആശിക്കുന്നു. വ്യവസായ ഡിപ്പാർട്ടുമെൻറിലെ രണ്ടു വിദഗ്ദ്ധന്മാരെ ആധാരം രജിസ്ട്രാക്കാനായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലേക്കയച്ചുകഴിഞ്ഞു. കണിയാനെപിടിച്ചു തെങ്ങിൽ കയറുന്ന ഈ മാതിരി നയങ്ങളെ ആക്ഷേപിക്കാതെ നിവൃത്തിയില്ല.

വർത്തമാനപ്പത്രറഗുലേഷനെപ്പറ്റിയാണു് ഇനി എനിയ്ക്കു പറയുവാനുള്ളതു്. എവിടെയും അഭിപ്രായസ്വാതന്ത്ര്യത്തെ കാംക്ഷിക്കുന്നതും അർഹിക്കുന്നതുമായ ഇക്കാലത്തു് ഇങ്ങനെ ഒരു റഗുലേഷൻ എന്തിനു വച്ചുകൊണ്ടിരിക്കുന്നു? ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ തടയുന്നതു നല്ലതാണോ? അതുകൊണ്ടു് ഇന്നു നിലവിലിരിക്കുന്ന വർത്തമാനപ്പത്രറഗുലേഷനെ കഴിയുന്നതും വേഗത്തിൽ പിൻവലിക്കണമെന്നാണു് ഞാൻ ഗവണ്മെൻറിനോടപേക്ഷിക്കുന്നതു്. ഈ തലസ്ഥാനനഗരിയിൽതന്നെയുള്ള ഒരു പ്രധാനപ്രതിദിനപത്രമായ മലയാളിക്കു ഗവണ്മെൻറിൽ നിന്നും മറ്റു പത്രങ്ങൾക്കു നൽകിവരുന്ന ആനുകൂല്യങ്ങൾ, അതായതു് ഗവണ്മെൻറു പ്രസിദ്ധീകരണങ്ങൾ നൽകുക, പ്രസ്സ്റൂമിൽപ്രവേശനംകൊടുക്കുക തുടങ്ങിയുള്ളവ യാതൊന്നും നൽകുന്നില്ലെന്നു മാത്രമല്ല ഈ നിയമസമിതിയിൽ പ്രവേശിക്കുന്നതിനുപോലും അനുവാദം കൊടുക്കുന്നില്ല. അസോസിയേറ്റഡ് പ്രസ്സിനെസഹായിക്കുവാൻവേണ്ടി ഗവണ്മെൻറു ടർ൦൦൦ രൂപാചിലവാക്കുമ്പോൾ ഇവിടെയുള്ള ജനങ്ങൾക്കു രാഷ്ട്രീയം സാമുദായികം തുടങ്ങിയുള്ള സകല സംഗതികളിലും വേണ്ട അറിവു നൽകുന്ന ഒരു നാട്ടുപത്രത്തിൻെറ നേരെ ഈ നയമാണോ കാണിക്കേണ്ടതെന്നു ഞാൻ ഗവണ്മെൻറിനോടു ചോദിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ക്ഷാമംകൊണ്ടു ജനങ്ങൾ പലതരത്തിൽ വിഷമിക്കുന്നുണ്ട്. കിടക്കാൻ സ്ഥലമില്ലാഞ്ഞിട്ടും, കുടിക്കുവാൻ കഞ്ഞിയില്ലാത്തതുകൊണ്ടും, ഉടുക്കാൻ തുണിയില്ലാത്തതുകൊണ്ടും അലഞ്ഞുനടക്കുന്നവരെ ഗ്രാമങ്ങളുടെ ഉൾഭാഗങ്ങളിൽ ധാരാളം കാണാം. നമ്മുടെ ഗവണ്മെൻറു ഈ ദയനീയസ്ഥിതിയെപ്പറ്റി ആലോചിക്കപോലും ചെയ്തിട്ടില്ല. കർഷകരെസഹായിക്കുന്നതിനായി ഇവിടെ ഒരു ബിൽ അവതരിപ്പിച്ചു രണ്ടാം വായനവരെ മാത്രം കഴിച്ചുവച്ചിരിക്കുന്നു. എന്തുകൊണ്ടാണ് അതിന്റെ മൂന്നാംവായനക്രടി കഴിച്ചു അതിനെ നിയമമാക്കാത്തതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അസംബ്ളിയിലെ മെമ്പർമാർ മൂന്നാംവായനക്രടി കഴിക്കണമെന്നു മുറവിളി ക്രട്ടിയിട്ടും അതനുവദിച്ചില്ല. വിധിനടത്തിനെ സംബന്ധിച്ചുള്ള രാജകീയവിളംബരം പുറപ്പെടുവിച്ച സമയത്തു ഗവണ്മെൻറു രാജ്യത്തിലെ ൪ ലക്ഷത്തിൽപരം കർഷകജനതയുടെ അനുകൂലിയായിരുന്നു. അതിൽപിന്നീട് ആ വിളംബരത്തിന്റെ കാലാവധി നീട്ടിക്കൊടുത്തു. ചില ഉദ്യോഗസ്ഥന്മാരും ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാരും, ചില ബാങ്കർമാരും ഗവണ്മെൻറിനെ സമീപിച്ചതിന്റെ ഫലമായി കർഷകാശ്വാസബില്ലിന്റെ അനന്തര നടപടി ഗവണ്മെൻറു നിറുത്തിവച്ചിരിക്കുന്നു. ഇതിനെപ്പറ്റി ആരു ചോദിക്കുവാനാണ്? നമ്മുടെ നിലയ്ക്കും ഗവണ്മെൻറിന്റെ നിലയ്ക്കും ഇതും ഇതിനപ്പുറവും സംഭവിക്കും.

കൈക്കൂലി നാട്ടിന്റെ നാനാഭാഗങ്ങളിലും അതിപ്രബലമായുംനിരന്തരമായും നിരങ്കുശമായും വർദ്ധിച്ചുവരുന്നു. ഉദ്യോഗസ്ഥന്മാർ അവരുടെ സന്താനങ്ങളെ ഉന്നതവിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിൽപോലും അയയ്ക്കുന്നതിൽ യാതൊരുകുറവും കാണുന്നില്ല. അവരെ സാമ്പത്തികാധഃപതനം ലവലേശം ബാധിച്ചിട്ടില്ല. അവരുടെയൊക്കെ പൂർവസ്ഥിതി എന്തായിരുന്നു എന്നും ഒന്നന്വേഷിക്കണം. എന്തെല്ലാം നിയമങ്ങൾ ഉണ്ടാക്കിയാലും ഇവിടെ നടക്കുന്ന അഴിമതിക്കു ഒരതിരുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. പരാതി കേൾപ്പാൻ മേലുദ്യോഗസ്ഥന്മാർ ധാരാളമുള്ളതുകൊണ്ടു തലസ്ഥാനനഗരിയിൽ അഴിമതികുറയും. എന്നാൽ നാട്ടിൻപുറത്തെ സ്ഥിതി എന്താണ്? ഞങ്ങൾ ഇവിടെ വന്നുവേണ്ടേ പരാതി പറയുവാൻ? ഉദ്യോഗസ്ഥന്മാരുടെ നിശിതമർദ്ദനമേറു ഞങ്ങൾ വളരെ അവശപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ കൈക്കൂലി മുതലായ അഴിമതികൾക്കു വിധേയരായിരുന്നവരെ എങ്ങിനെ ശിക്ഷിച്ചിരുന്നു എന്നു നോക്കാം. അവരെ ഘോരസർപ്പങ്ങളുടെ മുമ്പാകെ വിട്ടു ദംശനമേല്പിച്ചും

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam

അവരുടെ കരചരണങ്ങൾ കതിരയുടെ കരചരണങ്ങളിൽ ബന്ധിച്ചു കതിരകളെ വിരട്ടിയോടിച്ചും താളശരെ കാലപുരിയിലേക്കു അയച്ചിരുന്നതായും മറും ചരിത്രംകൊണ്ടു കാണാൻ കഴിയും. കൈക്കൂലി വാങ്ങിക്കുന്നവരെ മുക്കാലിയിൽ കെട്ടി അടിക്കണം. കൈക്കൂലിപ്പാപികൾക്കു മാതൃകാപരമായ ശിക്ഷനടത്താത്തതുകൊണ്ടാണ് ഇവിടെഅഴിമതി വർദ്ധിക്കുന്നത്. പണാപഹരണം നടത്തിയ ഉദ്യോഗസ്ഥന്മാരെപ്പറ്റി ഗൌനിക്കാതെ അവർക്കു ഗവണ്മെൻറു പ്രാമാണ്യം കൊടുക്കുന്നു. പണാപഹരണം നടത്തുക, കൈക്കൂലി വാങ്ങിക്കുക മുതലായ അനീതികൾ പ്രവർത്തിക്കുന്നവരെ പുജപ്പുര അതിഥിമന്ദിരത്തിൽ അയയ്ക്കുകയാണ് വേണ്ടതു്. അങ്ങിനെ ചെയ്യാത്തകാലത്തോളം കൈക്കൂലിയെ നശിപ്പിക്കാൻ സാധിക്കുകയില്ല.

Chairman : ഗവണ്മെൻറിനെപ്പറ്റിയുള്ള പൊതുവിമർശനം ചെയ്യുവാനുള്ള സമയം ഇതല്ല. ബഡ്ജറിനെപ്പറ്റി വല്ലതും പറയുവാനുണ്ടെങ്കിൽ പറയണം.

Mr. J. John Kattakayam : സർ, വിദ്യാലയങ്ങളിൽ പ്രാർത്ഥനനടത്തുവാൻ പാടില്ലെന്നു പറയുന്നതിൻെറ അർത്ഥമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

Mr. C. V. Chandrasekharan: May I ask the honou able member under what authority he makes the statement that prayers are forbidden in schools?

Mr. J. John Kattakayam: ഗവണ്മെൻറിൽനിന്നും സമീപകാലത്തു വിദ്യാലയങ്ങളിൽ അനദ്ധ്യയനദിവസങ്ങളിൽ പ്രാർത്ഥനപാടില്ലെന്നു വച്ചിരിക്കുന്നതു ശരിയല്ല.

Chairman: എന്തിനെ അടിസ്ഥാനമാക്കിയാണ് വിദ്യാലയങ്ങളിൽ പ്രാർത്ഥനനടത്തുവാൻ പാടില്ലെന്നു് പറയുന്നതായി മെമ്പർ പറഞ്ഞതു്?

Mr. J. John Kattakayam : അങ്ങിനെ ഒരു സർക്കുലറുണ്ടു്.

Chairman: അങ്ങിനെ ഒരു സർക്കുലറില്ലെന്നാണ് ഡയറക്ടർ പറയുന്നതു്.

Mr. J. John Kattakayam: ഇപ്രകാരം ഒരു ഗവണ്മെൻറു തീരുമാനമുള്ളതായി ഞാൻ അറിയുന്നു. പ്രക്ഷോഭജനകമായ ഈ ഉത്തരവിനെ ഗവണ്മെൻറു ഉടൻ പിൻവലിക്കണം.

സർക്കാരുദ്യോഗസ്ഥന്മാരുടെ കൈക്കൂലിക്കാര്യത്തെപ്പറ്റി രണ്ടുവാക്കുകൂടിപറയാം. ഉദ്യോഗസ്ഥന്മാരുടെ ഒരു സ്ഥിതിവിവരക്കണക്കെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താൽ കൈക്രമവിക്കാരെ കണ്ടുപിടിക്കാം. അതുപോലെതന്നെ സാധുമർ ദ്ദനലോലുപന്മാരും കാമിനീമോഹിതന്മാരുമായിട്ടുള്ള ഉദ്യോഗസ്ഥന്മാരെയാരാളം കാണാം. ചില ഉദ്യോഗസ്ഥന്മാരുടെ സക്കീട്ട കഴിയുമ്പോൾ എനിക്കു കിട്ടാവുള്ള വർത്തമാനം വിവരിക്കാൻകൂടി വയ്യാ. മാതൃകായോഗ്യരായിരിക്കേണ്ട ഉദ്യോഗസ്ഥന്മാർ ഈ നിലയിൽ വർത്തിച്ചാൽ അവരുടെ കീഴ്സിൽബന്ധികളുടെ സ്ഥിതി എന്തായിരിക്കും. ഗവണ്മെൻറു ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

ഏതു സംഗതിക്കും വിപ്ലവം ഉണ്ടാകാറുണ്ട്. അതു രാഷ്ട്രീയമായ സംഗതിയിലും ഉണ്ടാകാറുണ്ട്. മുമ്പു പത്രാധിപരായിരുന്ന രാമകൃഷ്ണപിള്ള അവർകളെ നാടുകടത്തി. അന്നത്തെ ദിവാൻജിയായിരുന്ന സർ പി. രാജഗോപാലാചാര്യരുടെ വിരോധംനിമിത്തം നിരപരാധിയായ അദ്ദേഹത്തെ ശിക്ഷിച്ചു. ആ ശിക്ഷ നൽകിയ അന്നത്തെ ഗവണ്മെൻറാർഡറിനെ അദ്ദേഹം സശിരസ്കമ്പം സ്വീകരിച്ചു. അതിനെ സംബന്ധിച്ചു യാതൊരു ബഹളവും കൂട്ടിയില്ല. എങ്കിലും മി. പിള്ള കവിധർമ്മമർമ്മജ്ഞനായും ഒരു തികഞ്ഞ ദേശാഭിമാനിയായും യശശ്ശരീരനായി കേരളത്തിൽ ജാജ്വല്യമാനമായി പ്രശോഭിക്കുന്നുണ്ട്.

Chairman: നിങ്ങളുടെ സമയം കഴിഞ്ഞു

Mr. V. S. Arumukham Pillai: Sir, a general discussion of the budget is but a review of the whole administrative and financial policy of the Government. But in reviewing the financial position and administrative policy of the Government the most important point for consideration is whether that policy is calculated to bring about improvement in the financial position of the State. Now the present Financial Secretary in his speech concludes with the remark that the financial position of the State may be regarded as one of exceptional strength and soundness. The very same remark has been made by his predecessors in introducing the budgets for the last three years. What is the basis of that statement? Is that statement based on facts? What exactly is the actual condition of the bulk of the population, *viz.*, the agriculturists? We find them steeped in abject poverty and indebtedness. Taxed beyond capacity and endurance their backs are practically broken under the weight of taxation and there is a strong feeling of discontent that the Government are not taking stock of their actual miserable condition. Sir, the sale of agricultural holdings for arrears of tax on nominal prices is a common spectacle in all the taluk offices. I ask the Financial Secretary whether the Government are not aware of these things? Will the ryot if he has got any means of averting the sale

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Arumukham Pillai.]

of lands allow lands to be sold for nominal prices? Does not that show the abject poverty of the ryots who form the bulk of the population?

Sir, the Financial Secretary has put down the revenue at Rs. 38·35 lakhs for the coming year as against Rs. 30 and odd lakhs according to the actuals for the year 1110. Now from the figure the policy of the Government seems to be to discontinue any remission hereafter. Sir, this is most inequitable. The depression goes on still unabated and there is no likelihood of the prices of agricultural products going up. Under the circumstances I beg to submit it is most inequitable to discontinue any remission for the coming year.

Another point I wish to draw the attention of the Government is that when the prices have fallen down by fifty per cent what justification is there for the Government to impose and levy the very same tax and to make no provision for any reduction of tax? With regard to the figure put down by the Financial Secretary under Land Revenue, I ask the Financial Secretary whether that figure really represents the actual capacity of the people to pay. If it represents the actual capacity of the people, then I can understand the Financial Secretary making the remark that our financial position is sound. As a matter of fact, this whole amount has to be got from them by force. The figure put down by him does not represent the actual capacity of the people. Sir, as I stated, the majority of the population are poverty stricken and the figure does not really represent the actual capacity of the people. I shall illustrate this from the condition of the land revenue in Nanjinad. I have been telling the House in season and out of season that the tax for an acre of wet land in Nanjinad is Rs. 35 which as I have stated more than once is not obtaining anywhere in this civilized world. Taking the minimum cost of cultivation as Rs. 75 as laid down by the Economic Depression Enquiry Committee and the average yield per acre at 24 Kottas, I ask the Financial Secretary where is the margin of profit for an acre of land which pays Rs. 35.

If the figure is worked out, it will be found that the tax-payer can get only a small margin of profit, just enough to keep his body and soul together, only if the tax per acre is not more than Rs. 9. Sir, I am only relying, for this calculation, on the figures given in the Report of the Economic Depression Enquiry Committee. When that is the condition of the bulk of the tax-payers in the country, how is the Financial Secretary justified in estimating for so much of land revenue? When that is the paying capacity of the bulk of

LIBRARY ARCHIVES Kerala Legislative Assembly

the people, where is the justification for the statement that our financial position is unquestionably sound? I, therefore, submit, Sir, that the budget for the year 1112 has been built up on the ruins of the family budgets of the several millions of tax-payers. The observation by the Financial Secretary, that the financial position of the State is sound, cannot in any way be justified.

One significant feature of this budget is that there is no provision in it for promotion of rural welfare. Sir, the bulk of the people live in rural parts. Therefore, the first and the foremost charge on the exchequer of the State as in all civilised countries, should be for the welfare of the people of the rural parts. But unfortunately, the policy of the Government seems to be to enrich the urban population, and to add to their comforts and luxuries, at the expense of the starving agriculturist who forms the backbone of the country.

A perusal of the budgets for the last few years will show that there has been substantial diversions from the reserve fund. The policy of diverting from the reserve fund has to be deprecated. It is a very dangerous policy. Such diversion can be justified only in one circumstance, namely, if it is to be spent for the good of the agriculturist. Because, it is the agriculturists that form the majority of the tax-payers. Instead of doing that, we find that large amounts out of the reserve fund are being diverted for meeting the extravagant and luxurious expenditure of the Government. Any diversion for such purposes has to be condemned.

Not only is the tax-payer's money, which has been accumulated as a reserve fund, being spent on luxuries, but even now, in spite of the depression, money is being forced out of the poor tax-payer in order to meet the heavy cost of administration. Sir, our administrative machinery has grown very unwieldy; and its cost has grown out of all proportion to our resources, and to the income of the State. Government are increasing their expenditure year by year. New posts, with fat salaries, are being created to provide for favoured individuals. When the representatives of the people agitate for the reduction of the salaries of officers, it ends as a mere cry in the wilderness.

Sir, the officers of Government are the only community which is now flourishing. And, as I said, just to provide employment for certain individuals, to satisfy the whims and fancies of the authorities, without any necessity or purpose, new jobs with fat salaries are being created one after another. Sir, who is to bear the burden of this increasing expenditure on the administrative machinery of the Government? It is the poor tax-payer. The average income of the officers of Government does not bear any fair or reasonable pro-

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Arumukham Pillai.

portion to the average *per capita* income of the people of the country. There is a feeling of great discontent, among the people, on account of the solicitude of the Government for their officers and their lukewarmness towards the agriculturists who form the bulk of the tax-payers. As I have been repeatedly saying, the serious problem that has to be solved is the agrarian problem. I am sorry the Government are ignoring it, and are not paying any attention to it. The poor tax-payer's money is lavishly spent, not only on the luxuries and extravagant expenditure of the Government, but also on big industrial undertakings of very doubtful return. In recent years, Government have been launching upon big industrial enterprises. The Financial Secretary and the Government, I know, anticipate good returns. But our past experience shows that there is very little chance of any profitable return from these ventures. Sir, we are but beginners in industrial undertakings; and so, we have to move very cautiously. Travancore is mainly an agricultural country. Agriculture is our chief and basic industry. It is therefore ill-advised to kill that basic industry by complete indifference and neglect. Even in Europe and other Western countries which are far advanced in industries, the back-to-land movement is fast spreading, especially after the war. The people there have now realised that agriculture alone will give the people a secure and a saner life. Sir, when that is the case in Europe, the policy of our Government is to kill agriculture by absolute neglect. It is high time that the Government realise the danger of the policy that they are now pursuing.

Sir, we have reached the utmost limits, in regard to taxation. Not even a single cash could be added to the present burden on the tax-payer. Therefore, the only course open to the Government is to reduce their expenditure and to take adequate steps to increase agricultural resources.

(*President's Bell.*)

Mr. M. Govindan: Sir, I was listening with very great interest to the three remarkable speeches made by my friends Messers M. N. Parameswaran Pillai, K. P. Nilakanta Pillai and Piraviperumal Pillai. Sir, much cannot be gained by overdrawn pictures. The speeches, no doubt, indicated great industry, perseverance, attention, and all that; and I was about to congratulate them. But I found that, in drawing pictures, they have exaggerated matters. Sir, I do not find any abysmal depth of insolvency, so far as the Travancore Government is concerned as depicted by Mr. M. N. Parameswaran Pillai, nor was the speech of the Financial Secretary "full of contradictions" as my friend and countryman Mr. K. P. Nilacanta Pillai pointed out, nor am I under the impressio

LIBRARY ARCHIVES Kerala Legislative Assembly

that all the rubber articles manufactured in our factory are going "to perish" as was feared by Mr. Piraviperumal Pillai. Mr. Piraviperumal Pillai told us, Sir, that he was selling rubber goods and was speaking from personal experience. Sir, though on a small scale, I am a buyer of rubber goods *viz.*, toys; and I find that, during six months, they have not perished. I do not find any ground for such anticipation. I visited the factory the other day. The articles manufactured there were quite good and fresh. I am sure they will sell if only proper arrangements are made for their sale. My friend was saying that, even if we are able to sell them this year, no one will buy them next year. I do not agree with him, Sir. I do not think that the credit of Travancore is going to suffer.

Having said so much about the rubber factory, I wish to make one or two suggestions about it. The other day, in the factory, I found that one machine was not working. I asked the man on the spot what was wrong with it. He said it had to be repaired. I asked him why he did not do it. He said that he had to obtain the sanction of Government for the necessary expenditure of a few rupees, which, of course would take some time. I asked him why he could not phone to the Government and obtain immediate sanction. He said that it was not permissible. I may advise Government that, if they are serious in their present policy of industrialising the country, they must place more trust on the men on the spot and give them more powers and money. Certainly I do not want that to be done with regard to other officers, such as the Heads of Departments. My only suggestion is that, in these commercial undertakings, high techinicalities and dead routine should not hamper the working of these industries.

My main idea in rising to speak to-day is chiefly to draw the attention of the Government to the necessity for making better provisions for certain things. Sir, I am a Harijan worker. The provision made in the budget for Harijans is quite inadequate. In Cochin, the average provision per Harijan is Re. 1-3 as., whereas here the provision is only 4 pies per head. Is there any comparison between what is being done in that small State and what we are doing here?

Mr. Kayalam Paramesvaran Pillai: Who are Harijans?

Mr. M. Govindan: Depressed classes; I believe that was understood.

Mr. Kayalam Paramesvaran Pillai: Are Ezhavas Harijans?

Mr. M. Govindan: That question does not arise. Some Ezhavas do not like to be called Harijans. I have no objection to the name.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

Harijan actually means son of God and every one of us ought to be proud to be called Harijans. Sir, I want to say that the provision for the Harijans is very inadequate. We ought to make better provision with regard to the establishment of colonies. The Devadhar Committee has recommended it. There is an impression now that it would be segregating them and perpetuating the distance between the other classes and them. My own impression is that it is not. In Trivandrum now that we are going to have town improvement and with the improvement of the Thampanur valley, a number of Harijan houses will have to be removed, there will be no possibility for them to occupy any place in the town unless some arrangement is made for the establishment of a colony for the depressed classes. It is necessary to confine admission to the depressed classes. It is necessary for the other classes also provided they are destitute or landless. So, a model colony will have to be established in the new town of Thampanur for Harijans. If there is a fear of segregation and things of that sort, I have no objection to others also being allowed to go and live there. But the only thing is that preference should be given to the Harijans that want to go and settle there. The Harijans should be allowed free occupation while the other classes may be asked to pay.

One other thing that I have to point out is that even with regard to the Harijans the provision made here is not quite adequate. In Cochin it is adequate. In Mysore—I was in Mysore recently—I find that the Harijans are given great help. There, there are 13 hostels of which 4 are run with the aid of Government and 9 are completely run by the Government itself. In the Bangalore Hostel there are 75 students. Each of the inmates has got a scholarship and on the whole, it comes to this that the students admitted to the hostel are maintained at State expense. I think that in Travancore with the help of my friend the Director of Public Instruction, I am getting a fairly good grant for my only free Harijan Hostel. But I would request the Government to be a little more liberal because I find there is difficulty in making collection and making both ends meet.

While on this subject I have to thank His Highness's Government for the recent circular issued to the various departments to see that the depressed classes are given the same facility in respect of the use of roads, satroms, etc., as to the non-Hindus. It appears to be a very elementary right but it took such a long time to grant in this land of Parasurama and Sri Padmanabha. All the same I

LIBRARY ARCHIVES Kerala Legislative Assembly

thank the Government for the liberal policy they have initiated and I hope that it will be crowned with an announcement about temple entry.

One other observation that I have to make is about the subject of education. The franchise is going to be broadened. All classes of people will have to take part more largely in the voting. And what is the sort of effect that the present standard of education is intended to bring about among the depressed classes? The percentage of literacy among them is still very low, less than 5 per cent are literate. There is dense ignorance amongst them. It will be impossible for them to exercise their votes intelligently unless you make education compulsory and bring them into school even against their wishes. The Education Committee made a recommendation that the Harijan students may be attracted to continue in the 3rd and 4th classes because it was found that they were falling off and lapsing into illiteracy. I believe a provision of Rs. 20,000 or thereabouts was recommended for one year for giving books and clothing free to these students. That is what I remember. But I find from the budget that the provision is only for Rs. 5,000 and I do not know whether my friends in the Finance Committee cut the whole thing down or whether the Government did it. Any way, I find the provision for Rs. 20,000 is not there. It is a very unfortunate thing because it was very necessary. Even Rs. 20,000 is not quite sufficient. My idea is that there must be compulsory education and even this little encouragement that was proposed by the Committee and which came up before the Government was not allowed. In fact, for nation-building activities ample provision is made in the budget. I congratulate the Financial Secretary for that. But this is also a very important nation-building activity. Where 60 per cent of the Hindu population of the State are backward in point of education, it is very necessary that encouragement should be given so that we may have a homogeneous nation. That is all that I want to say.

Mr. A. N. Visvanatha Pillai (*Quilon cum Karunagapalli*): സർ, ഫിനാൻഷ്യൽ സിക്രട്ടറി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ് ഒരു സർപ്ലസ് ബഡ്ജറാണോ അതല്ല ഒരു ഡെഫിസിറ് ബഡ്ജറാണോ എന്നുള്ളതിനെപ്പറ്റി നോക്കേണ്ട ആവശ്യമില്ല. ഈ ബഡ്ജറു രാജ്യത്തിലെ ആവശ്യങ്ങൾ നിറവേറുവാൻ എത്രമാത്രം പര്യാപ്തമാണെന്നുള്ളതിനെപ്പറ്റി ആലോചിക്കണമെന്നുമാത്രമെ ഞാൻ വിചാരിക്കുന്നുള്ളൂ. അൻപതു ശതമാനത്തിൽപരമുള്ള തിരുവിതാംകൂർ കർഷകരുടെ ആവശ്യങ്ങളെ ഈ ബഡ്ജറ് എങ്ങനെ നിറവേറുന്നു എന്ന്

LIBRARY ARCHIVES Kerala Legislative Assembly

Mr. A. N. Visvanatha Pillai

നമുക്കു ഒന്നു ആലോചിക്കാം. ഇന്നു ലോകമാസകലം "തിരിച്ചു ഗ്രാമങ്ങളിലേക്കു" എന്നു മുറവിളി കൂട്ടുമ്പോൾ നമ്മുടെ ഗവണ്മെൻറു ഗ്രാമോദ്ധാരണത്തിനായി എത്രമാത്രം പണം നീക്കിവച്ചിട്ടുണ്ടെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഗ്രാമങ്ങളിലെ ഇന്നത്തെ സ്ഥിതി വളരെ ഭയനീയമാകുന്നു, ദാരിദ്ര്യം, സാമ്പത്തികാധഃപതനം, തൊഴിലില്ലായ്മ, എന്നിവ ഗ്രാമങ്ങളിൽ നടനം ചെയ്യുന്നു. വിശേഷിച്ചും അഭ്യസ്തവിദ്യരുടെയിടയിലുള്ള തൊഴിലില്ലായ്മക്കു യാതൊരു പരിഹാരവും നിർദ്ദേശിച്ചിട്ടുള്ളതായി ഈ ബഡ്ജറിൽ കാണുന്നില്ല. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ദൈനംദിനം വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്. ഈ തൊഴിലില്ലായ്മക്കു ഗവണ്മെൻറു ഒരു പോംവഴികണ്ടുപിടിച്ചില്ലെങ്കിൽ ഇന്നത്തെക്കാൾ ഭയങ്കരമായ ഒരു ഭാവിയെ ഗവണ്മെൻറിനു അഭിമുഖീകരിക്കേണ്ടിവരുമെന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ. പഞ്ചാബ്, ബങ്കാൾ, തുടങ്ങിയുള്ള ബ്രിട്ടീഷിൻഡ്യൻ പ്രാവിൻസുകളിലെ അഭ്യസ്തവിദ്യരുടെയിടയിലുള്ള തൊഴിലില്ലായ്മയുടെ വർദ്ധനവിനെക്കണ്ടു് പരിഭ്രമിച്ചു് അതാതു ഗവണ്മെൻറുകൾ ഈ തൊഴിലില്ലായ്മ രാജ്യത്തെക്കു ഉപദ്രവകരമായിത്തീരാതിരിക്കുന്നതിനായി അവക്കു തൊഴിലുണ്ടാക്കിക്കൊടുത്തുവരുന്നു. ഈ പ്രശ്നത്തിനു ഒരു പ്രതിവിധി ഉണ്ടാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു ഞാൻ നമ്മുടെ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, പ്രാദേശികാവശ്യങ്ങൾ നിർവഹിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വകുപ്പാണു് പൊതുമരാമത്തും ഇറിഗേഷനും. അതിലേക്കായി ഗവണ്മെൻറു നീക്കിവച്ചിരിക്കുന്ന തുക ഒട്ടും പര്യാപ്തമല്ല. ഇക്കൊല്ലത്തെ ബഡ്ജറിൽ നാൺപ്രൊഡക്ടീവു് വർക്സിനാണു് അധികം പണം ചേർത്തിട്ടുള്ളതെന്നു എളുപ്പത്തിൽ കാണുവാൻ കഴിയും. ഈ ഇനത്തിൽ അനവധി പണം ഗവണ്മെൻറു വിനിയോഗിക്കുകയും പ്രൊഡക്ടീവു ജോലികൾക്കു ധാരാളം പണം വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നതു ശരിയായ ഒരു നയമല്ല. വ്യവസായത്തിനായി ഗവണ്മെൻറു പണം കൊള്ളിച്ചിട്ടുള്ളതിനെ ഞാൻ അഭിനന്ദിക്കുന്നുണ്ടു് എന്നാൽ വ്യവസായീകരണം ഇപ്പോൾ ഗവണ്മെൻറു തുടങ്ങിയിരിക്കുന്ന രീതിയിലല്ല നിർവഹിക്കേണ്ടതെന്നാണു് എനിക്കു പറയുവാനുള്ളതു്. ഗവണ്മെൻറു പോഷിപ്പിക്കേണ്ടതു് കുടിൽവ്യവസായത്തെയാണു്. മെഷീനറികൊണ്ടുള്ള വ്യവസായങ്ങൾ നടത്തി ആദായമെടുത്താൽ അതു് രാജ്യത്തെ തൊഴിലിയല്ലായ്മക്കു പരിഹാരമായിത്തീരുകയില്ല. ഗ്രാമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലെ ജനങ്ങൾം വിശേഷിച്ചും കൃഷിക്കാരാണ്. കൊല്ലത്തിൽ ഒൻ പതുമാസവും അവക്കു തൊഴിലില്ല. ഇതിനുംപുറമെ തിരുവിതാംകൂറി റിലെ ഏറ്റവും വലുതായ കേരകൃഷിയുടെ സ്ഥിതി വളരെ ദയനീയമാ യിരിക്കുന്നു. ഇതിനെ സംബന്ധിച്ചു രാജ്യവാസികൾം വളരെ നാളായി മുറവിളിക്കൂട്ടിയിട്ടും അതു് ഒരു വനരോദമായിട്ടാണ് ഇന്നും ഇരിക്കുന്ന തു്. തിരുവിതാംകൂർ ഗവണ്മെൻറു ഈ സംഗതിയെപ്പറ്റി ഇൻഡ്യാ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടെന്നും ഇൻഡ്യാഗവണ്മെൻറു അതിനു പരിഹാരമുണ്ടാക്കിയിട്ടില്ലെന്നെല്ലാം പറയാറുണ്ട്. ഇൻഡ്യൻ കമ്പോള ങ്ങളെമാത്രം ആശ്രയിച്ചു ജീവിക്കേണ്ട തിരുവിതാംകൂറിലെ കേരകൃഷി ക്കാരെ തുരത്തുവാൻ സിലോൺ സർവയത്നങ്ങളും ചെയ്യുന്നു. അതിനാൽ സിലോൺ മത്സരത്തെ തടയത്തക്കവണ്ണം നമ്മുടെ ഗവൺമെൻറു ഇൻ ഡ്യാഗവണ്മെൻറിനെ ശക്തിയായിഉൽബോധപ്പിച്ചു ഇതിലേക്കു ഒരു പരിഹാരം വരുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഇനി എനിക്കൊന്നു പറയുവാനുള്ളതു് വിദ്യാഭ്യാസത്തെ സംബ ന്ധിച്ചാണ്. ഇന്നത്തെ വിദ്യാഭ്യാസച്ചെലവു് രക്ഷകർത്താക്കൾക്കു വ ഹിക്കുവാൻ പാടില്ലാത്തവിധം വർദ്ധിച്ചിരിക്കുന്നു. അതിനും ഒരു പോം വഴി കണ്ടുപിടിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണ്. വിദ്യാഭ്യാസ ത്തിനുള്ള ഫീസ് പകുതിയെങ്കിലും കുറയ്ക്കാത്തപക്ഷം രക്ഷകർത്താക്ക ൾക്കു അവരുടെ സന്താനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ വളരെ പ്രയാസം നേരിടും.

രാജ്യത്തേയ്ക്കും ജനങ്ങൾക്കും ഏറ്റവും അത്യാവശ്യമായ പല സം ഗതികളും ഉണ്ട്. അവയെല്ലാം ഗവണ്മെൻറു വിഗണിച്ചിരിക്കുന്നു. ആയുർവേദം ജനങ്ങളുടെയിടയിൽ നടപ്പിലിരിക്കുന്നതും നാട്ടിൽ വള രെ പ്രചാരമുള്ളതുമായ ഒരു ചികിത്സാസംപ്രദായമാണ്. അതിനെ പ്രോത്സാഹിപ്പിക്കുവാൻ ഗവണ്മെൻറു യാതൊന്നും ചെയ്തിട്ടില്ല. ഈ ബഡ്ജറിൽ അതിലേക്കു പര്യാപ്തമായ യാതൊരു തുകയും ചേർത്തിട്ടു മില്ല. ഇപ്രകാരം ഒരു കൃഷിക്കാരന്റെ വീക്ഷണകേന്ദ്രത്തിൽനിന്നു വീ ക്ഷിക്കുന്നപക്ഷം ഈ ബഡ്ജറു അനുമോദനാർഹമാണെന്നു പറയുവാൻ നിവൃത്തിയില്ല. നമ്മുടെ രാജ്യത്തെ റവന്യു ഒരു സ്റ്റേഷനറിപോലെ യായിത്തീർന്നിട്ടുണ്ട്. ചെലവു് വർഷംപ്രതി വർദ്ധിച്ചും വരുന്നു. വരവു വർദ്ധിക്കാതെ ചെലവു വർദ്ധിച്ചാൽ അതെവിടെ ചെന്നവസാ നിക്കും? പണ്ഡിതനായ ഫിനാൻഷ്യൽ സെക്രട്ടറി റവന്യു,കസ്റ്റംസ്

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha pillai.]

സ്, ഇൻഡസ്ട്രി ഇവയിൽനിന്നും വലുതായ ആദായം അടുത്തകൊല്ലം എടുത്തുകൊള്ളാമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ ഞാൻ അദ്ദേഹത്തെപ്പോലെ ഇക്കാര്യത്തിൽ ശുഭാപ്തിവിശ്വാസിയല്ല. ഫ ഫ ഫ-ലെ റവന്യൂവിൽ ഉള്ള കുറവ് ഫ ഫ ഫ-ൽ വരികയില്ലെന്നു അദ്ദേഹം പറയുന്നു. കൃഷിക്കാരുടെ സ്ഥിതി അധഃപതിച്ചിരിക്കുന്ന ഇക്കാലത്തു നിശ്ചയമായും ഭൂനികുതിയിൽ കുറവു വരാതിരിക്കുവാൻ നിവൃത്തിയില്ല. ഈവക കാര്യങ്ങളെപ്പറ്റിയെല്ലാം നോക്കുമ്പോൾ ഞാൻ മുൻപു പറഞ്ഞതുപോലെ ഫിനാൻഷ്യൽ സിക്രട്ടറി ഒട്ടുംതന്നെ അനുമോദനാർഹനല്ല.

Mr. Sayed M Bava : സർ, ധനകാര്യദർശി ഇവിടെ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെപ്പറ്റി പല മെമ്പർമാരും ഇവിടെ സംസാരിച്ചുകഴിഞ്ഞു. എന്നാൽ ഒരു പ്രധാനസംഗതി ആലോചിക്കുമ്പോൾ ബഡ്ജറ്റു തയ്യാറാക്കിയ ധനകാര്യദർശിയെ അനുമോദിക്കുന്നതിനു എനിക്കു മനസ്സുതോന്നുന്നു സാമ്പത്തികാധഃപതനം ഈ നാട്ടിൽ ഇല്ലെന്നു അദ്ദേഹം പറയുന്നില്ല.

Mr. J. John Kattakayam : സാമ്പത്തികാധഃപതനം ഉണ്ടെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടോ?

Mr Sayed M. Bava : ഇതിനുമുൻപുകഴിഞ്ഞിട്ടുള്ള കാര്യങ്ങളെ നോക്കുകയാണെങ്കിൽ ഈ രാജ്യത്തു തേരും പാലും ഒഴുകുകയായിരുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതായിട്ടു കാണുവാൻ കഴിയും. ഈ സഭയുടെ ആലോചനക്കു വിഷയമായിരിക്കുന്ന ബഡ്ജറ്റു സാമ്പത്തികാധഃപതനത്തെ സൂചിപ്പിക്കുന്നുണ്ടു്. പക്ഷേ അതിലേക്കു ശരിയായ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിച്ചിട്ടില്ലെന്നു സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഫിനാൻഷ്യൽ സിക്രട്ടറി പണ്ഡിതനാണെങ്കിലും ഒരമാനുഷനാണെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം ബഡ്ജറ്റു തയ്യാറാക്കുമ്പോൾ അദ്ദേഹത്തെ അഭിമുഖീകരിച്ചിരുന്ന പ്രതിബന്ധങ്ങൾ ഏതെല്ലാമായിരുന്നു എന്നുകൂടി ആലോചിക്കേണ്ടതു് അത്യാവശ്യമായിട്ടുള്ളതാണു്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ബഡ്ജറ്റിനെ നിരൂപണം ചെയ്തുകൊണ്ടു പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ അസ്ഥാനത്തിലാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ബഡ്ജറ്റു തയ്യാറാക്കുമ്പോൾ ധനകാര്യദർശിക്കു നേരിട്ട വിഷമതകളെപ്പറ്റി ആരുംതന്നെ കാര്യമായി വിചാരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഭരണത്തിനു ചെലവുകൂടാതെ കഴിയുകയില്ല. നിലവിലിരിക്കുന്ന ചെലവുകൾ വെട്ടിക്കുറ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നപക്ഷം അതുകൊണ്ടു വലുതായ മാറ്റങ്ങളോ അല്ലെങ്കിൽ വിപ്ലവങ്ങളോ ഉണ്ടാകാനിടയുണ്ട്. ഈ സംഗതി ഈ സഭയുടെ ശ്രദ്ധയെ ശരിയായി ആകർഷിക്കേണ്ട ഒന്നാണ്. എന്നിരുന്നാലും പണമില്ലെന്നുള്ള കാരണം സാമ്പത്തികമായ അധഃപതനത്തിനു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനു ബാധകമായിത്തീരാൻ പാടുള്ളതല്ല. നാട്ടിൻപുറങ്ങളെ സംബന്ധിച്ചുനോക്കുമ്പോൾ അവരുടെ ഏറ്റവും വലിയ ആവശ്യം കുടിൽവ്യവസായപരിപോഷണമാണ്. അതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട പല മെമ്പർമാരും പ്രസ്താവിക്കയും ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കയും ചെയ്കയുണ്ടായിട്ടുണ്ട്. ആ അഭിപ്രായങ്ങളോടെല്ലാം ഞാൻ പരിപൂർണ്ണമായിട്ടു യോജിക്കുന്നു. യാന്ത്രികവ്യവസായങ്ങൾ വർദ്ധിപ്പിക്കയെന്നുള്ളതു ഈ നാട്ടിന്റെ അഭിവൃദ്ധിക്കു പറ്റിയതല്ല. ഇവിടെ മൂലധനം കൈവശമുള്ള ജനങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. യാന്ത്രികവ്യവസായങ്ങൾക്കു നിശ്ചയമായും വലിയ മൂലധനം ആവശ്യമാകുന്നു. കുടിൽവ്യവസായത്തെ പോഷിപ്പിക്കുന്നതിനു ഗവണ്മെന്റു വേണ്ടവിധത്തിൽ ശ്രദ്ധിക്കുകയാണെങ്കിൽ നിശ്ചയമായും ഈ രാജ്യത്തെ സാമ്പത്തികനില അടുത്ത ഭാവിയിൽതന്നെ നന്നാകാതിരിക്കയില്ല. കയർവ്യവസായംകൊണ്ടുമാത്രം ജീവനം കഴിച്ചിരുന്ന ആളുകളധികവും മദ്ധ്യതിരുവിതാംകൂറിലാണ്. മദ്ധ്യതിരുവിതാംകൂറിലെ പടിഞ്ഞാറെ തീരങ്ങളിൽ താമസിക്കുന്ന ഇവരുടെ കഷ്ടതകളുടെ ശമനത്തിനായി എന്തെങ്കിലും ബഡ്ജറ്റിൽ ചേർക്കയോ അല്ലെങ്കിൽ അനുകമ്പാപൂർവമായ രീതിയിൽ വല്ല പ്രസ്താവനകളെങ്കിലും നടത്തുകയോ ചെയ്യേണ്ടതായിരുന്നു. ബഹുമാനപ്പെട്ട പല മെമ്പർമാരും പ്രസ്താവിച്ചതു് ഇവിടത്തെ ആളുകൾ കൃഷിക്കാരാണെന്നാണ്. ആ ഭാഗത്തോടു ഞാൻ യോജിക്കുന്നില്ല. ഭൂരിപക്ഷം കൃഷിക്കാരായിരിക്കാം. കൃഷികൊണ്ടു വാസ്തവത്തിൽ അവരവരുടെ ആവശ്യങ്ങൾ നിർവഹിച്ചുവരുന്ന ജനങ്ങൾ എത്രയുണ്ടെന്നു ഒരു പരിശോധന നടത്തിയാൽ ഇതിന്റെ യഥാർത്ഥ്യം വെളിപ്പെടാതിരിക്കയില്ല. കൃഷികൊണ്ടുമാത്രം ജീവിതാവശ്യം നിർവഹിച്ചുവരുന്നവരുടെ സംഖ്യ തുലോം പരിമിതമാണ്.

കർഷകാശ്വാസബില്ലിനെപ്പറ്റി ഇവിടെ പല പ്രസ്താവനകളും നടത്തുന്നതുകൊണ്ട് ഞാനും അതിനെപ്പറ്റി വല്ലതും പറയുന്നപക്ഷം അതൊട്ടും അസ്ഥാനത്തിലാവുകയില്ലെന്നു വിശ്വസിക്കുന്നു. നിയമസമിതിയുടെ പരിഗണനയിലിരിക്കുന്ന രീതിയിലുള്ള ഒരു കർഷകാശ്വാസബില്ലുകൊണ്ടു വലിയ പ്രയോജനമില്ലെന്നാണ് എന്റെ വി

LIBRARY ARCHIVES Kerala Legislative Assembly

Mr. Sayed M. Bava.]

നീതമായ അഭിപ്രായം. കൃഷിക്കാരുടെ കാര്യത്തെമാത്രം മുൻനിറുത്തി കൊണ്ടുവന്നിട്ടുള്ള ഒരു നിയമം കൃഷിക്കാക്കുതന്നെ ഉപയോഗപ്രദമാകുമോ എന്നുള്ള സംഗതിയും സംശയകരമായിത്തന്നെയിരിക്കുന്നു. കൃഷി, കച്ചവടം, കൈത്തൊഴിൽ എന്നീ സംഗതികൾ പരസ്പരം ആശ്രയിച്ചിരിക്കുന്നവയാണ്. ഇവയെ വേർതിരിച്ചു അവയിൽ ഏതെങ്കിലും ഒന്നിനെപ്പറ്റിമാത്രം പ്രത്യേകമായി വല്ലതും പ്രവർത്തിക്കുന്നപക്ഷം അതു രാജ്യത്തിന്റെ അഭിവൃദ്ധിക്കു പര്യാപ്തമാവുകയില്ല. അതിലേക്കായുള്ള പരിശ്രമം നിശ്ചയമായും പ്രകൃതിവിരുദ്ധമായ ഒരു പരിശ്രമമായിരിക്കാതെ ഇടയുള്ളൂ.

Mr. J. John Kattakayam : എല്ലാവരും കൃഷിക്കാരെ ആശ്രയിച്ചല്ലേ കഴിയുന്നത്?

Mr. Sayed M. Bava: കച്ചവടക്കാരെ ആശ്രയിച്ചാണു കഴിയുന്നത്.

Mr. J. John Kattakayam : കൃഷിയില്ലെങ്കിൽ കച്ചവടം ഉണ്ടാകുമോ?

Mr. Sayed M. Bava ; കച്ചവടമില്ലെങ്കിൽ കൃഷി അഭിവൃദ്ധിപ്പെടുകയില്ല.

Mr. J. John Kattakayam : കൃഷിക്കാരുടെ വിഭവങ്ങളെ അപഹരിച്ചെടുക്കുന്നതു കച്ചവടക്കാരല്ലേ?

Mr Sayed M. Bava : അങ്ങിനെ ഒരു പരാതി ഉള്ളതായിട്ടു എനിക്കറിവില്ല.

Mr. J. John Kattakayam : കൃഷിക്കാരുടെ ഉൽപന്നങ്ങളിൽനിന്നും കിട്ടുന്ന ആദായം കൊണ്ടല്ലേ കച്ചവടക്കാർ വയറുപിഴപ്പുനടത്തുന്നത്?

Mr. Sayed M. Bava: കച്ചവടക്കാരുടെ പരിശ്രമത്തിന്റെ ഫലം കൃഷിക്കാരും അനുഭവിക്കുന്നു.

അതിനാൽ ഈ നിയമം പാസ്സാക്കുന്നതു കൃഷിക്കാർക്കുതന്നെ നാശത്തെ ഉണ്ടാക്കുന്നതാണ്.

Mr. J. John Kattakayam : "നിയമം" എന്നു മെംബർ വിവക്ഷിക്കുന്നതു എന്തിനെ ഉദ്ദേശിച്ചാണ്?

Mr. Sayed M. Bava : നിയമം ആക്കാൻപോകുന്ന ബില്ലിനെ ഉദ്ദേശിച്ചാണു ഞാൻ സൂചിപ്പിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: ഈ ബില്ലിലെ ഏതുഭാഗമാണ് കൃഷിക്കാർക്കു ദോഷകരമായിട്ടുള്ളതെന്നു മെമ്പർ പറയാമോ?

Chairman: അതു ചോദ്യത്തിനുത്തരം പറയണ്ടാ.

Mr. Sayed M. Bava: വിദ്യാഭ്യാസപരിഷ്കരണത്തെ സംബന്ധിച്ചു ബഹുമാന്യന്മാരായ മെമ്പർമാർ ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. വിദ്യാഭ്യാസത്തിനായി ഈ രാജ്യത്തെ വരവിൽ ഗണ്യമായ ഒരംശം ചെലവാക്കിവരുന്നുണ്ടെന്നുള്ളതു് സമ്മതിക്കാം. എന്നാൽ അതുകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം കിട്ടാത്തതു വിദ്യാഭ്യാസസംപ്രദായത്തിന്റെ ന്യൂനതയാണു്. അതിനാൽ വിദ്യാഭ്യാസനയം പരിഷ്കരിക്കാതെ അതിലേക്കുള്ള ചെലവു വർദ്ധിപ്പിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. കരം കൊടുക്കുന്നവരെ എത്രത്തോളം ഞെരുക്കിപ്പിഴിയാൻ കഴിയുമോ അത്രത്തോളം ഞെരുക്കിപ്പിഴിയുന്നുണ്ടു്. അതായതു് എത്രത്തോളം കരം കൊടുക്കാൻ ശക്തിയുണ്ടോ അത്രത്തോളം ജനങ്ങൾ കരം കൊടുത്തുവരുന്നു. അതിനാൽ വിദ്യാഭ്യാസവിഷയത്തിലും ക്രട്ടതൽ കരം ചുമത്താമെന്നു വിചാരിക്കുന്നതു് ഈ നാട്ടിനു പറ്റിയതല്ല.

മുസ്ലീം സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി എനിക്കു രണ്ടു വാക്കു് പ്രസ്താവിക്കാനുണ്ടു്. മുസ്ലീം സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ ചേർത്തിട്ടുള്ള തുക ആയിരം രൂപമാത്രമാണു്. ഈ രാജ്യത്തു നാലുലക്ഷം മുസ്ലീമിങ്ങളുണ്ടു്. അവരുടെ സ്ത്രീവിദ്യാഭ്യാസത്തിനായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ആയിരം രൂപകൊണ്ടു് എന്താണു ചെയ്യാൻ പോകുന്നതെന്നു എത്രതന്നെ ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. മുസ്ലീം സ്ത്രീകളുടെ വിദ്യാഭ്യാസവിഷയത്തിൽ മുസ്ലീം സമുദായത്തിനെന്നല്ല കുട്ടികളുടെ മാതാപിതാക്കന്മാർക്കുപോലും അഭിരുചി ഉണ്ടായിത്തുടങ്ങീട്ടുണ്ടെന്നുള്ള ഈ അടുത്ത കാലത്താണു് ഗവൺമെൻറിനു അറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇടയിടെ വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ ഫലമായി സ്ത്രീവിദ്യാഭ്യാസത്തിനു് എത്രത്തോളം ഉത്സാഹജനകമുണ്ടായിട്ടുണ്ടെന്നും ഗവണ്മെൻറിനു അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് മുസ്ലീം സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ ഗവൺമെൻറു ക്രട്ടതൽ താല്പര്യം കാണിക്കണം.

Mr. N. K. Padmanabha Pillai: (*Neyyattinkara cum Nedumangad*): സർ, വരുന്ന കൊല്ലത്തെ ബഡ്ജറ്റിനെപ്പറ്റി നിത്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai]

പണം ചെയ്യുമ്പോൾ രാജ്യത്തിന്റെ പൊതുവെ ഉപയോഗമുള്ള ചില കാര്യങ്ങളെപ്പറ്റിമാത്രം പ്രസ്താവിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഫൈനാൻസും അക്കൗണ്ട്സും വേർതിരിക്കണമെന്നുള്ള ഈ നിയമസമിതി അഭിപ്രായപ്പെടുകയും അതനുസരിച്ച് വേർതിരിക്കയും പുതുതായി പണ്ഡിതനായ ഒരു ഫിനാൻഷ്യൽ സിക്രട്ടറിയെ അന്യനാട്ടിൽനിന്നും ഇവിടെ വരുത്തുകയും ചെയ്തപ്പോൾ അദ്ദേഹത്തിൽനിന്നും എന്തെങ്കിലും പുതുമ ഞങ്ങൾ ആശിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ആ ആശ നിരാശയായിട്ടാണ് തീർന്നത്. അദ്ദേഹത്തിന്റെ പ്രസംഗം വായിച്ചുനോക്കിയപ്പോൾ പഴയ എഴുത്തുപള്ളിയിലെ ചില ആശാന്മാരെപ്പോലെ ചില കണക്കുകൾ ക്രോഡീകരിച്ചും ചില മൂലതത്വങ്ങൾ ഉപദേശിക്കാനുമാത്രം അദ്ദേഹത്തിന് സാമർത്ഥ്യമുണ്ടെന്നുള്ള ഒരു പുതുമയാണ് ഞാൻ അതിൽ അധികമായി കാണുന്നത്. വെളുത്തവശങ്ങളെമാത്രം എടുത്തുകാണിച്ചും ഇരുണ്ടവശങ്ങളെ ഒളിച്ചുവച്ചുമാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. "ജാലവിദ്യക്കാരന്റെ മന്ത്രവടി"കൊണ്ട് ജനങ്ങളെ വശത്താക്കിക്കളയാമെന്നു വിചാരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ജാലവിദ്യകൊണ്ടു തിരുവിതാംകൂർ ജനതയെ വശപ്പെടുത്താമെന്ന് അദ്ദേഹം വിചാരിച്ചിരിക്കുന്നതുപോലെ തോന്നിപ്പോകുന്നു. എന്നാൽ ഈ നാട്ടിലെ ജനങ്ങൾ അദ്ദേഹം ഊഹിക്കുന്നതുപോലെ ആവലയിൽ കുടുങ്ങിപ്പോകുന്ന ആളുകളല്ലെന്നും ഏതു സംഗതിയും അരഞ്ഞുനോക്കി കതിരും പതിരും തിരിച്ചറിഞ്ഞു വിവേകപൂർവം ചർച്ച ചെയ്യുവാൻ ശേഷിയുള്ളവരാണ് ഈ നാട്ടുകാർ എന്നും അദ്ദേഹം ഇയിടക്ക് മനസ്സിലാക്കിയിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ ജാലവിദ്യകൊണ്ട് എന്തെങ്കിലും നടത്തിക്കളയാമെന്നു അദ്ദേഹം വിചാരിച്ചിട്ടുണ്ടെങ്കിൽ അതു തെറ്റാണ്.

